**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1550** — **11-09-2023 - ൽ മറുപടിയ്ക്ക്**

**ഗിഗ് സമ്പ്രദായത്തിൽ പണിയെടുക്കുന്നവർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അന്താരാഷ്ട്ര തലത്തിലുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ നിയന്ത്രണത്തിലുള്ള ഗിഗ് തൊഴിലാളികൾ കടുത്ത ചൂഷണത്തിനും ഉയർന്ന ജോലി സമ്മർദ്ദത്തിനും ഇരയാകുന്നു എന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ഉണ്ട്. തൊഴിലാളികൾക്ക് വേതനം ലഭിക്കുന്നത് കുറവാണെന്നത് സംബന്ധിച്ച് ലഭിച്ച പരാതി, ലേബർ കമ്മീഷണർ അനുരഞ്ജന ചർച്ച ക്രമീകരിച്ച് തർക്കം ഒത്തുതീർപ്പാക്കിയിട്ടുണ്ട്. |
| (ബി) | ഗിഗ് സമ്പ്രദായത്തിൽ പണിയെടുക്കുന്നവർ ജീവനക്കാരെന്നോ തൊഴിലാളികളെന്നോ നിർണയിക്കപ്പെടാത്തതിനാൽ തൊഴിലാളി വിഭാഗത്തിന്റെ ആനുകൂല്യങ്ങൾ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | ഉണ്ട്. ഗിഗ് സമ്പ്രദായത്തിൽ പണിയെടുക്കുന്നവർ തൊഴിലാളികൾ തന്നെയാണെങ്കിലും ഇവർക്ക് നിശ്ചിത തൊഴിലുടമയില്ല എന്നതിനാലാണ് ഇവരുടെ ആനുകൂല്യങ്ങളും സേവന വ്യവസ്ഥകളും സംബന്ധിച്ച് അനിശ്ചിതാവസ്ഥ നിലനിൽക്കുന്നത്. നിലവിൽ കേന്ദ്രസർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന സോഷ്യൽ സെക്യൂരിറ്റി കോഡിൽ ഗിഗ് തൊഴിലാളികളും ഉൾപ്പെടുന്നുണ്ടെന്നതിനാൽ ടി കോഡ് നടപ്പിലാക്കുന്ന മുറയ്ക്ക് ഇവരുടെ ആനുകൂല്യങ്ങളിലും നിയമ പരിരക്ഷ ലഭിക്കുന്നതാണ്. |
| (സി) | മൊബൈൽ ആപ്പുകൾ വഴി മാത്രം നിർദ്ദേശങ്ങൾ ലഭിക്കുകയും തൊഴിൽ ദാതാവിനെക്കുറിച്ച് കൃത്യമായ വിവരങ്ങൾ തൊഴിലാളികൾക്ക് ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുമ്പോൾ ഇത്തരം മൊബൈൽ ആപ്പുകളും, ഇവരുടെ പ്രവർത്തന രീതികളും നിരീക്ഷിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ; | (സി) | പരിഗണനയിലില്ല. |
| (ഡി) | ഗിഗ് തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനായി ഒരു സമഗ്ര നിയമം കൊണ്ടുവരുന്നതിനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ഡി) | കേന്ദ്രസർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന സോഷ്യൽ സെക്യൂരിറ്റി കോഡിൽ ഗിഗ് തൊഴിലാളികളും ഉൾപ്പെടുന്നുണ്ടെന്നതിനാൽ ടി കോഡ് നടപ്പിലാക്കുന്ന മുറയ്ക്ക് ഇവരുടെ ആനുകൂല്യങ്ങളിലും നിയമ പരിരക്ഷ ലഭിക്കുന്നതാണ്. ഗിഗ് തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനായി ഒരു സമഗ്ര നിയമം |

| | | | |
|---|---|---|---|
| | | | കൊണ്ടുവരുന്ന വിഷയം സർക്കാർ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ